**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഭാരത് മാല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭാരത് മാല പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്-മലപ്പുറം-പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ഐ.സി.ആർ.-34) ഗ്രീൻ ഫീൽഡ് പാതക്കായി സ്ഥലമെടുപ്പിന് നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ കോമ്പിറ്റെന്റ് അതോറിറ്റി ഓഫ് ലാന്റ് അക്വിസിഷൻ (CALA) ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 3(a) നോട്ടിഫിക്കേഷൻ 17/06/2021-ൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതക്കായി മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടി.പി.എഫ്. എഞ്ചിനീയറിംഗ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ മൂന്ന് ഓപ്ഷനുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) | വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭ്യമായിട്ടില്ല. |
| (സി) | ഈ പാതക്കായി ദേശീയപാത അതോറിട്ടിയുടെ ലാന്റ് അക്വിസിഷൻ കമ്മിറ്റിയുടെ 20.06.2020-ലെ തീരുമാനപ്രകാരം അംഗീകരിച്ച സ്ഥലമേറ്റെടുപ്പിന് ആവശ്യമായ തുകയും ദേശീയപാത അതോറിട്ടി ആവശ്യപ്പെട്ട തുകയും തമ്മിൽ വൈരുദ്ധ്യമുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക സംബന്ധിച്ചുള്ള അന്തിമ വിവരം 3G, 3H നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന ഘട്ടത്തിലേ ലഭ്യമാകൂ. |
| (ഡി) | ഈ പാതയുടെ അംഗീകാര നടപടികളുടെ ഭാഗമായി കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ജനപ്രതിനിധികളോട് ചർച്ച ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | ലാന്റ് അക്വിസിഷൻ കോസ്റ്റ് കുറച്ച് കാണിച്ചതടക്കം ഇരുപത്തിനാലിലധികം ക്രമക്കേടുകൾ നടത്തിയ റിപ്പോർട്ടാണ് ദേശീയപാത അതോറിട്ടി സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചാണ് സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുള്ളതെന്നും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ഇ) | ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നത് വിവിധ തലങ്ങളിലെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷമാണ്. അലൈൻമെന്റ് MORTH/NHAI യുടെ ലാന്റ് അക്വിസിഷൻ കമ്മിറ്റി 23/10/2020-ന് അംഗീകരിച്ചതായി ദേശീപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | നിർദ്ദിഷ്ട പാത സംബന്ധിച്ച അപാകതകൾ തിരുത്തുന്നതിനും മലപ്പുറം ജില്ലയിലെ ജനപ്രധിനിധികളുടെ മുമ്പിൽ പ്രോജക്ട് അവതരിപ്പിക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | (എഫ്) | ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നത് വിവിധ തലങ്ങളിലെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷമാണ്. അലൈൻമെന്റ് MORTH/NHAI യുടെ ലാന്റ് അക്വിസിഷൻ കമ്മിറ്റി 23/10/2020-ന് അംഗീകരിച്ചതായി ദേശീപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ